# കേരള സർവകലാശാല

നം.പി.ആർ.213/2018 ഫോൺ : 2305994

## പത്രക്കുറിപ്പ്

### പുതുക്കിയ പരീക്ഷാ തീയതി

2018 ഒക്ടോബർ 1 ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എം.സി.എ (2015 സ്കീം) (കമ്പ്യൂട്ടർ ഓർഗനൈസേഷൻ), രണ്ടാം സെമസ്റ്റർ ബി.എ.എസ്.എൽ.പി (സി.ബി.സി.എസ്.എസ് സ്ട്രീം)(ബി 2.5 – ബെയ്സിക് ഇലക്ട്രോണിക്സ് റിലേറ്റഡ് ടു സ്പീച്ച് ആന്റ് ഹിയറിംങ്), ഡിഗ്രി പരീക്ഷകൾ ഒക്ടോബർ 3 ലേക്കും, മൂന്നാം സെമസ്റ്റർ എം.ബി.എ (2014 സ്കീം – ഫുൾ ടൈം (യു.ഐ.എം ഉൾപ്പെടെ/റെഗുലർ (ഈവനിംഗ്)/ട്രാവൽ ആന്റ് ടൂറിസം) (സപ്ലൈ ചെയിൻ ആന്റ് ലോജിസ്റ്റിക്സ് മാനേജ്മെന്റ്), രണ്ടാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി (മൂന്ന് വർഷം) (പേപ്പർ III ഫാമിലി ലോ - I ) ഡിഗ്രി പരീക്ഷകൾ ഒക്ടോബർ 11 ലേക്കും മാറ്റിയിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

വിദൂര വിദ്യാഭ്യാസ വിഭാഗം സെപ്റ്റംബർ 5 മുതൽ 14 വരെ നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം വർഷ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ പുതിയ സ്കീം/പഴയ സ്കീം ഡിഗ്രി പരീക്ഷകൾ യഥാക്രമം ഒക്ടോബർ 3 (ടെക്നിക്കൽ കമ്മ്യൂണിക്കേഷൻ), ഒക്ടോബർ 5 (ഡിസ്ക്രീറ്റ് മാത്തമാറ്റിക്സ്/മാത്തമാറ്റിക്സ്), ഒക്ടോബർ 10 (ഡിജിറ്റൽ ഇലക്ട്രോണിക്സ്/ബെയിസിക് ഇലക്ട്രോണിക്സ് & ഫണ്ടമെന്റൽസ് ഓഫ് കമ്പ്യൂട്ടേഴ്സ്), ഒക്ടോബർ 12 (പ്രോഗ്രാമിംഗ് ഇൻ സി പ്രോഗ്രാമിംഗ് പ്രിൻസിപ്പിൾസ്), ഒക്ടോബർ 15 (കമ്പ്യൂട്ടർ ഓർഗനൈസേഷൻ/പ്രിൻസിപ്പിൾസ് ഓഫ് അക്കൗണ്ടൻസി & മാനേജ്മെന്റ്) എന്നീ തീയതികളിൽ നടത്തുന്നതാണ്. പരീക്ഷാകേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല.

വിദൂര വിദ്യാഭ്യാസ വിഭാഗം 2018 സെപ്റ്റംബറിൽ നടത്താനിരുന്ന നാലാം സെമസ്റ്റർ എം.ബി.എ സപ്ലിമെന്ററി ഡിഗ്രി പരീക്ഷയുടെ പുതുക്കിയ പരീക്ഷാ തീയതികൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

2018 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.പി.എ വീണ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 9 മുതൽ 11 വരെ ശ്രീ.സ്വാതി തിരുനാൾ സംഗീത കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

2018 ജൂലൈയിൽ നടന്ന പത്താം സെമസ്റ്റർ ബി.ആർക്ക് (2008 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ.

## സീറ്റ് ഒഴിവ്

കാര്യവട്ടത്തുള്ള ബിരുദാനന്തര ബിരുദ പഠന വകുപ്പുകളിൽ എസ്.സി വിഭാഗത്തിലുളളവർക്ക് കംപ്യൂട്ടർ സയൻസ്, കംപ്യൂട്ടേഷണൽ ബയോളജി, ഹിസ്റ്ററി, സോഷ്യോളജി, ഇസ്ലാമിക് സ്റ്റഡീസ്, ഫിലോസഫി, സംസ്കൃതം, സൈക്കോളജി, തമിഴ്, പൊളിറ്റിക്കൽ സയൻസ്, മ്യൂസിക്, മലയാളം, ഹിന്ദി, അറബിക്, ഡെമോഗ്രഫി, ആക്ച്ചുറിയൽ സയൻസ്, ലിംഗ്വിസ്റ്റിക്സ് കോഴ്സുകളിലേക്കും, എസ്.ടി വിഭാഗത്തിലുളളവർക്ക് കെമിസ്ട്രി, ലിംഗ്വിസ്റ്റിക്സ്, മാത്തമാറ്റിക്സ്, ഫിസിക്സ്, ഇംഗ്ലീഷ്, എം.സി.ജെ, ബോട്ടണി, ബയോകെമിസ്ട്രി, സ്റ്റാറ്റിസ്റ്റിക്സ്, കംപ്യൂട്ടർ സയൻസ്, ഫിലോസഫി, സംസ്കൃതം, സൈക്കോളജി, തമിഴ്, പൊളിറ്റിക്കൽ സയൻസ്, മലയാളം, ഹിന്ദി, അറബിക് കോഴ്സുകളിലേക്കും സീറ്റ് ഒഴിവുണ്ട്. താല്പര്യമുളളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഒക്ടോബർ 3 ന് 11 മണിക്ക് അതത് പഠന വകുപ്പുകളിൽ ഹാജരാകേണ്ടതാണ്.

## സൂക്ഷ്മപരിശോധന

2018 ജനുവരിയിൽ നടത്തിയ ബി.ടെക് (2013 സ്കീം) അഞ്ചാം സെമസ്റ്റർ പരീക്ഷയുടേയും 2018 മേയിൽ നടത്തിയ ബി.ടെക് (2013 സ്കീം) ആറും എട്ടും സെമസ്റ്റർ പരീക്ഷകളുടേയും സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുളള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി കാർഡും ഹാൾടിക്കറ്റുമായി ബി.ടെക് റീവാല്യുവേഷൻ സെക്ഷനിൽ സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 6 വരെയുളള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

തിരുവനന്തപുരം.
27.09.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in
University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098